**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **07-12-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യ നിർമ്മാർജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ദാരിദ്ര്യം ഇല്ലാതാക്കി അവർക്ക് മികച്ച ജീവിതം ഉറപ്പാക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പാക്കുന്ന ഹോം പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ട് കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് "HOME" (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സർവെയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25000/-രൂപയോ അതിൽ താഴെയോ ഉള്ള കുടുംബം, AAYകാർഡ് ഉള്ള കുടുംബം, 60വയസ്സിനു മുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്ന ശേഷിക്കാർ / കിടപ്പു രോഗികൾ / മാരക |

| | | | |
|---|---|---|---|
| | | | രോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാന മാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ) എന്നീ 8ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് 19/08/2022-ലെ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നത് |
| (ബി) | പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനുമായി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണം നടത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നതു ലക്ഷ്യമിട്ട കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ചു ഉപജാതി വിഭാഗങ്ങളുടെ സർവെയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25000/-രൂപയോ അതിൽ താഴെയോ ഉള്ള കുടുംബം, AAYകാർഡ് ഉള്ള കുടുംബം, 60വയസ്സിനു മുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്ന ശേഷിക്കാർ / കിടപ്പ രോഗികൾ / മാരക രോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാന മാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ) എന്നീ 8ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് 19/08/2022-ലെ |

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവിൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നത് |
| (സി) | പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി പട്ടികജാതികളിലെ വിവിധ വിഭാഗങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് വേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതു ലക്ഷ്യമിട്ടു കൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “HOME” (Household Oriented Micro Planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യ ഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിൽ ഉൾപ്പെട്ട ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങളെയും പ്രാക്തന ഗോത്ര വിഭാഗങ്ങളെയും രണ്ടാം ഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി ദുർബല വിഭാഗങ്ങളെയും മൂന്നാം ഘട്ടത്തിൽ മറ്റു പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവര ശേഖരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.നിലവിൽ പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്കിലിയൻ, കള്ളാടി, നായാടി, വേടൻ എന്നീ അഞ്ചു ഉപജാതി വിഭാഗങ്ങളുടെ സർവെയ്ക്കും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി 19/08/2022-ലെ സ.ഉ.(കൈ)നം.40/2022/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.മുൻകൂട്ടി തയ്യാറാക്കിയിട്ടുള്ള ചോദ്യാവലി മുഖേന ശേഖരിക്കപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ സ്വന്തമായി ഭൂമിയും വീടുമില്ലാത്ത കുടുംബം, വരുമാനം 25000/-രൂപയോ അതിൽ താഴെയോ ഉള്ള കുടുംബം, AAYകാർഡ് ഉള്ള കുടുംബം, 60വയസ്സിനു മുകളിൽ പ്രായമുള്ളവർ മാത്രമുള്ള കുടുംബം, വനിതകൾ മാത്രമുള്ള കുടുംബം, ഭിന്ന ശേഷിക്കാർ / കിടപ്പു രോഗികൾ / മാരക രോഗങ്ങൾ ബാധിച്ചവർ ഉള്ള കുടുംബം, ഭർത്താവ് നഷ്ടപ്പെട്ട/ഉപേക്ഷിച്ച വനിത കുടുംബനാഥയായ കുടുംബം, വരുമാന മാർഗ്ഗമില്ലാത്ത കുടുംബം (സാമൂഹ്യ പെൻഷൻ ഒഴികെ) എന്നീ 8ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ പട്ടികയുടെ അടിസ്ഥാനത്തിലാണ് 19/08/2022-ലെ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ